നം.ഡി3-20183/2017/ഡി.ഐ.എം.എസ്

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്,
തിരുവനന്തപുരം-14
തീയതി-09-11-2017.

## കുറ്റപത്രം.

**ചെറുവണ്ണൂർ ഇ.എസ്..ഐ.ഡിസ്പെൻസറിയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II ശ്രീ.രാജിവ്.വി.പിക്കെതിരെ പുറപ്പെടുവിക്കുന്ന കുറ്റപത്രം.**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചെറുവണ്ണൂർ ഇ.എസ്.ഐ.ഡിസ്പെൻസറിയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്- II ശ്രീ.രാജീവ്.വി.പി താഴെ പറയുന്ന കുറ്റകൃത്യങ്ങൾ ചെയ്തിരിക്കുന്നു.

1) താങ്കൾ 15-5-2014 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിയ്ക്കുള്ള അപേക്ഷ 2-11-2016 ൽ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ( ഉത്തര മേഖല) ഈ ഓഫീസിൽ സമർപ്പിച്ചശേഷം ആയത് അനുവദിക്കുന്നതിനു മുൻപ് തന്നെ 22-11-2016 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്നു.
2) മുൻപ് 15-5-2014 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിച്ച ശേഷം ആയത് അനുവദിക്കുന്നതിന് മുൻപ് ജോലിയിൽ നിന്നും അനധികൃതമായി വിട്ടുനിൽക്കുകയും വിദേശത്ത് ജോലിക്ക് പോകുകയും അച്ചടക്ക നടപടികൾ നേരിടുകയും ചെയ്തിട്ടുണ്ട്. അച്ചടക്ക നടപടി നിലനിർത്തി സസ്പെൻഷൻ പിൻവലിക്കുകയും 19-2-2016 ൽ സർവ്വീസിൽ പുന:പ്രവേശിക്കാൻ അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ 22-11-2016 ശേഷം വീണ്ടും അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നതിലൂടെ താങ്കൾ കുറ്റം ആവർത്തിച്ചിരിക്കുന്നു.
3) 26-2-2016 നും 29-10-2016 നും ഇടയിലുള്ള കാലഘട്ടത്തിൽ പവതവണയായി 7 പ്രാവശ്യം മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശമ്പളരഹിത അവധിയെടുത്തിരുന്നു. ടി കാലഘട്ടത്തിൽ ഇത്തരത്തിൽ അവധിയെടുത്ത് സർക്കാരിന്റെ അനുമതിയില്ലാതെ താങ്കൾ വിദേശത്ത് പോയിരുന്നു.
4) താങ്കളുടെ അനധികൃതമായ ഹാജരില്ലായ്മയിലൂടെ ചെറുവണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ലബോറട്ടറിയുടെ പ്രവർത്തനം പരോക്ഷമായി തടഞ്ഞിരിക്കുന്നു.
5) വകുപ്പിന്റെ അനുമതികൂടാതെ വിദേശത്ത് ജോലിക്ക് പോയിരിക്കുന്നു.

താങ്കളുടെ ഭാഗത്തു നിന്നുണ്ടായ മേൽ പ്രവൃത്തികൾ തികഞ്ഞ അച്ചടക്ക രാഹിത്യവും സർവ്വീസ് ചട്ടങ്ങളുടെ ലംഘനവുമാണ്. ആകയാൽ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ ( ഈ ചട്ടങ്ങളും പ്രത്യേകമായി കാണിച്ചേക്കാവുന്ന മറ്റ് ചട്ടങ്ങളോ) പ്രകാരം ഉദ്ദേശിച്ചിട്ടുള്ള തരത്തിൽ താങ്കൾക്കെതിരായ അച്ചടക്ക നടപടികളെടുക്കാതിരിക്കാൻ കാരണം കാണിക്കൽ ആവശ്യപ്പെട്ടുകൊള്ളുന്നു. എതിർ വാദങ്ങളടങ്ങിയ താങ്കളുടെ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് ഈ കുറ്റപത്രം കൈപ്പറ്റിയ തീയതി മുതൽ 15 ദിവസം താങ്കൾക്ക് അനുവദിക്കുന്നു. നിശ്ചിത സമയത്തിനകം പ്രതിവാദ പത്രിക സമർപ്പിക്കാത്ത പക്ഷം ഇക്കാര്യത്തിൽ താങ്കൾക്ക് യാതൊരു വിശദീകരണവും നൽകാനില്ല എന്ന് കണക്കാക്കി അച്ചടക്ക നടപടികൾ തുടരുന്നതാണ്. ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുള്ള ആരോപണം സംബന്ധിച്ച കുറ്റാരോപണ പത്രികയിൽ പറഞ്ഞിട്ടുള്ള

രേഖകൾ പരിശോധിക്കാൻ താങ്കൾ ആഗ്രഹിക്കുന്ന പക്ഷം താങ്കളുടെ അപേക്ഷയിൽ മുൻകൂട്ടി നിശ്ചയിച്ചതും പ്രതിവാദ പത്രിക സമർപ്പിക്കുവാനുള്ള അവസാന തീയതിക്കു മുൻപുള്ളതുമായ ഏതെങ്കിലും ദിവസം ഈ ഓഫീസിൽ നേരിട്ട് ഹാജരായി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ പിശോധിക്കാവുന്നതും പ്രസക്ത ഭാഗങ്ങൾ കുറിച്ചെടുക്കാവുന്നതുമാണ്.

മേൽപറഞ്ഞിക്കുന്ന കുറ്റാരോപണ പത്രത്തിന്റെ ഒരു പത്രിക ഇതോടൊപ്പം ചേർത്തിരിക്കുന്നു.

ഡോ.അജിത നായർ.ആർ
ഡയറക്ടർ ഓഫ് ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്.

സ്വീകർത്താവ്.

ശ്രീ.രാജീവ്. വി.പി
ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II
(സസ്പെൻഷനിൽ) ഇ.എസ്.ഐ. ഡിസ്പെൻസറി, ചെറുവണ്ണൂർ.
(ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ മുഖേന)

പകർപ്പ്

1) റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, ഉത്തര മേഖല, കോഴിക്കോട്.
2) ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, ചെറുവണ്ണൂർ.
3) ഇ-ഗവേണൻസ് സെക്ഷൻ.
4) ഫയൽ/ സ്റ്റോക്ക് ഫയൽ.

എസ്.എസ്/

## കുറ്റാരോപണ പത്രിക

ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ചെറുവണ്ണൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II, ശ്രീ. രാജീവ് വി.പി. എന്ന താങ്കൾ 15.05.2014 മുതൽ 5 വർഷത്തെ ശൂന്യവേതനാവധിക്കുള്ള അപേക്ഷ സമർപ്പിക്കുകയും ആയത് അനുവദിക്കുന്നതിന് മുമ്പുതന്നെ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയും സസ്പെൻഷനടക്കമുള്ള അച്ചടക്കനടപടി നേരിടുകയും പിന്നീട് താങ്കളുടെ തന്നെ അപേക്ഷപ്രകാരം അച്ചടക്കനടപടികൾ നിലനിർത്തിക്കൊണ്ട് 19.02.16-ൽ സർവീസിൽ പുനഃപ്രവേശിക്കാൻ അനുവദിക്കുകയും ചെയ്തിരുന്നു. ടി അച്ചടക്കനടപടികൾ നിലനിൽക്കുമ്പോൾ തന്നെ 26.02.16 മുതൽ 29.10.16 വരെയുള്ള കാലഘട്ടത്തിൽ 7 പ്രാവശ്യം ഇടവിട്ടിടവിട്ട് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശൂന്യവേതനാവധിയിൽ പോയിരുന്നു. ടി വിവരം ചെറുവണ്ണൂർ ഡിസ്പെൻസറിയിൽ 17.10.2016 മുതൽ 26.10.2016 വരെ നടത്തിയ ഇന്റേണൽ ഓഡിറ്റിൽ നിന്ന് വ്യക്തമായിട്ടുള്ളതാണ്. തുടർന്ന് വിദേശത്ത് ജോലിക്കുപോകുന്നതിനായി 5 വർഷം ശൂന്യവേതനാവധിക്ക് അപേക്ഷിച്ചുകൊണ്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം 02.11.2016-ൽ ഒരപേക്ഷ ഈ ഓഫീസിൽ സമർപ്പിക്കുകയുണ്ടായി. താങ്കൾക്കെതിരെ അച്ചടക്കനടപടികൾ നിലനിന്നിരുന്നതിനാൽ താങ്കളുടെ അപേക്ഷ സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുകയും നിലവിലുള്ള അച്ചടക്കനടപടികൾ പൂർത്തീകരിച്ചതിനുശേഷം താങ്കളുടെ അപേക്ഷയിൽ നടപടികൾ സ്വീകരിച്ചാൽ മതിയെന്ന് സർക്കാർ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ടി നിർദ്ദേശപ്രകാരം താങ്കളുടെ പേരിലുള്ള അച്ചടക്കനടപടി പൂർത്തിയാക്കുകയും 27.07.17-ലെ ഡി.-4098/16/DIMS നമ്പർ ഉത്തരവുപ്രകാരം 2 വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതഫലത്തോടെ തടഞ്ഞ് ശിക്ഷാനടപടി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ താങ്കളുടെ പേരിലുള്ള അച്ചടക്കനടപടികൾ പൂർത്തീകരിക്കുകയോ ശൂന്യവേതനാവധി അനുവദിക്കുകയോ ചെയ്യുന്നതിനു മുമ്പ് താങ്കൾ 22.11.16 മുതൽ അനധികൃതമായി ജോലിയിൽ നിന്ന് വിട്ടുനിൽക്കുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ താങ്കൾ സർക്കാർ അനുമതി കൂടാതെ വിദേശത്ത് പോയിരിക്കുന്നതായും മുമ്പ് അച്ചടക്കനടപടി നേരിട്ട അതേ കുറ്റകൃത്യം ആവർത്തിച്ചിരിക്കുന്നതായും അനുമാനിക്കുന്നു.

താങ്കളുടെ ഭാഗത്തുനിന്നുണ്ടായ മേൽപ്രവൃത്തികൾ തികഞ്ഞ അച്ചടക്കരാഹിത്യവും സർവീസ് ചട്ടങ്ങളുടെ ലംഘനവുമാകയാൽ ഈ കുറ്റപത്രം പുറപ്പെടുവിക്കുന്നു.

Ajita Nair R

ഡോ. അജിത നായർ ആർ.
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ. രാജീവ് വി.പി.
ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II (സസ്പെൻഷനിൽ)
ഇ.എസ്.ഐ. ഡിസ്പെൻസറി, ചെറുവണ്ണൂർ.

പകർപ്പ്:-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.എം.എസ്., ഉത്തര മേഖല, കോഴിക്കോട്
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, ചെറുവണ്ണൂർ
3. ഇ-ഗവേണൻസ് സെക്ഷൻ
4. ഫയൽ/സ്റ്റോക്ക് ഫയൽ